"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- തൃശ്ശൂർ റൂറലിലെ കാട്ടൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ.ജസ്റ്റിൻ.P P- യ്ക്ക് കൊച്ചി സിറ്റിയിലെ കളമശ്ശേരി പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നമ്പർ E4-ൽ 25.06.2024 മുതൽ 24.12.2024 വരെ തുടർ താമസത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2616/2024/HOME തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:- 1. ശ്രീ.ജസ്റ്റിൻ.P.P, ISHO -യുടെ 05.06.2024-ലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ 10.07.2024-ലെ H14-108400/2024/PHQ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ റൂറലിലെ കാട്ടൂർ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ.ജസ്റ്റിൻ.P P, കൊച്ചി സിറ്റിയിലെ കളമശ്ശേരി പോലീസ് ക്വാർട്ടേഴ്സിലെ, ഫാമിലി ക്വാർട്ടേഴ്ല് E4 - ൽ 6 മാസത്തേക്ക് തുടർ താമസത്തിനു അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചു. ശ്രീ.ജസ്റ്റിൻ.P P യ്ക്ക് കൊച്ചി സിറ്റിയിൽ നിന്നും സ്ഥലം മാറ്റം ലഭിച്ചതിന് ശേഷം, Controlling Authority ടിയാന് 6 മാസത്തേക്ക് കൂടി ക്വാർട്ടേഴ്ല്ലിലെ താമസം ദീർഘിപ്പിച്ച് നൽകിയാതായും ആയത് 24.06.2024-ന് അവസാനിക്കുമെന്നും കളമശ്ശേരി പോലീസ് ക്വാർട്ടേഴ്സിൽ ഫാമിലി ക്വാർട്ടേഴ്സ് ഒഴിവുണ്ടെന്ന് കൊച്ചി സിറ്റി കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കൊച്ചി സിറ്റിയിലെ കളമശ്ശേരി പോലീസ് ക്വാർട്ടേഴ്സിലെ, ഫാമിലി ക്വാർട്ടേഴ്ല് E4- ലെ താമസം 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാമെന്നും സംസ്ഥാന പോലീസ് മേധാവി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2.മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.ജസ്റ്റിൻ.P P യുടെ പരാമർശം (1) ലെ അപേക്ഷയുടെയും സംസ്ഥാന പോലീസ്

മേധാവിയുടെ പരാമർശം (2) ലെ ശുപാർശയുടെയും അടിസ്ഥാനത്തിൽ, തൃശ്ശൂർ റൂറലിലെ കാട്ടൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ.ജസ്റ്റിൻ.P.P- യ്ക്ക് ഫാമിലി ക്വാർട്ടേഴ്സ് അലോട്ട്മെന്റ് റൂൾസ് 4(b) & 5(c) പ്രകാരം, കൊച്ചി സിറ്റിയിലെ കളമശ്ശേരി പോലീസ് ക്വാർട്ടേഴ്സിലെ, ഫാമിലി ക്വാർട്ടേഴ്ള് നമ്പർ **E4-ൽ 25.06.2024 മുതൽ 24.12.2024 വരെ** തുടർ താമസത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RASMI A R**

അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം,
2. കമ്മീഷണർ ഓഫ് പോലീസ്, കൊച്ചി സിറ്റി
3.ശ്രീ.ജസ്റ്റിൻ.P P, ഇൻസ്പെക്ടർ ഓഫ് പോലീസ് (കമ്മീഷണർ ഓഫ് പോലീസ്, കൊച്ചി സിറ്റി മുഖേന)
4.കരുതൽ ഫയൽ ( HOME-D3/114/2024)

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 06-09-2024 16:03:21

സെക്ഷൻ ഓഫീസർ

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
2.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്,